# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 324

13/07/2015 ൽ മറുപടിക്ക്

### പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ

**ചോദ്യം :**

**ശ്രീ. തോമസ് ഉണ്ണിയാടൻ**

പി. എസ്. സി. യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തൊഴിലന്വേഷകർക്ക് എത്രയും വേഗം ജോലി നല്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ?

**ഉത്തരം :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

പി. എസ്. സി യുടെ തെരഞ്ഞെടുപ്പ് പ്രക്രിയകളുടെ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് One time registration സംവിധാനം ഏർപ്പെടുത്തി. പി.എസ്.സി യുടെ പരീക്ഷാ രീതികൾ പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷ മുഖേന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കും എന്നു മാത്രമല്ല ഭീമമായ പരീക്ഷാ ചെലവ് ഗണ്യമായി കുറക്കാനും കഴിയും. ഇതിനായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്ടെ പരീക്ഷാ കേന്ദ്രനിർമ്മാണം പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ